**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3645** **11.11.2019 ൽമറുപടിയ്ക്ക്**

## <u>ബന്ദിപ്പൂരിലെ യാത്രാവിലക്ക്</u>

| | **ചോദ്യം**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|---|
| (എ) | ബന്ദിപ്പൂരിലെ യാത്രാവിലക്ക് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ: വ്യക്തമാക്കുമോ; | (എ) | ദേശീയ പാത 766 ലൂടെയുള്ള രാത്രിയാത്ര പുനസ്ഥാപിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ ബഹു. സുപ്രീം കോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിനായി ഇലവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പടെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറി സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് ബഹു. സുപ്രീംകോടതി മുമ്പാകെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി കേന്ദ്ര വനം വകുപ്പ് മന്ത്രിയെ കണ്ട് നിവേദനം നൽകുകയും ആയതിൻ പ്രകാരം തുടർ നടപടികൾ കേന്ദ്ര വനം വകുപ്പ് എടുത്തു വരികയുമാണ്. |
| (ബി) | പ്രസ്തുത യാത്രാവിലക്ക് കർണാടകയിലെ കൃഷിയിടങ്ങൾ പാട്ടത്തിനെടുത്ത സംസ്ഥാനത്തെ കർഷകരെയും ഗുണ്ടൽപേട്ടിലെ വിപണികളെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ; | (ബി) | വയനാട് ജില്ലയിൽനിന്നും കർഷകർ ഗുണ്ടൽപേട്ട മുതൽ മൈസൂർ ഉൾപ്പെടെ കർണാടകയിലെ വിവിധ പ്രദേശങ്ങളിൽ പാട്ടത്തിന് ഭൂമി എടുത്ത് ഇഞ്ചി, വാഴ പച്ചക്കറി തുടങ്ങിയവ കൃഷി ചെയ്ത് ഉപജീവനം നടത്തിവരുന്നു. ഇവർക്ക് യാത്രാവിലക്ക് മൂലം 200 കിലോമീറ്റർ അധികം സഞ്ചരിച്ചാൽ മാത്രമേ കൃഷി ഇടങ്ങളിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളു. ആയത് കർഷകരെ പ്രതികൂലമായി ബാധിക്കുന്നു. |
| (സി) | യാത്രാവിലക്ക് പച്ചക്കറിവില കൂടുന്നതിന് കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. വയനാട്, കോഴിക്കോട്, മലപ്പുറം തുടങ്ങിയ ജില്ലകളിലേക്കുള്ള പച്ചക്കറികൾ ഭൂരിഭാഗവും ഗുണ്ടൽപേട്ടിൽ നിന്നാണ് എത്തുന്നത്. യാത്രാവിലക്ക് മൂലം 200 കിലോമീറ്ററിൽ അധികം ദൂരം വാഹനങ്ങൾ സഞ്ചരിച്ച് വയനാട്ടിൽ പ്രവേശിക്കുന്നതുമൂലം വയനാട് ജില്ലയിലും മേൽപ്പറഞ്ഞ ജില്ലകളിലും പച്ചക്കറികൾക്ക് വിലകൂടുന്നതിന് കാരണമാകുന്നുണ്ട്. |
| (ഡി) | ഈ യാത്രാവിലക്ക് വയനാട്ടിലെ ജനങ്ങളുടെ പ്രധാന കൃഷിയായ അടയ്ക്ക കൃഷിയെ ബാധിക്കുമെന്ന കാര്യം പരിശോധിച്ച് പരിഹാരത്തിനു വേണ്ടി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | വയനാട്ടിലെ കർഷകർ അടയ്ക്ക പൊളിച്ച് പൈങ്ങ ആയിട്ടാണ് വിപണികളിൽ എത്തിക്കുന്നത്. ഇവ വൈകുന്നേരങ്ങളിലാണ് മാർക്കറ്റിൽ എത്തുന്നത്. ഇവ ലോഡായി പോകുമ്പോഴേക്കും രാത്രി 9 മണി എങ്കിലും ആകും. പാത അടയ്ക്കുന്നതുമൂലം പിറ്റേന്ന് മാത്രമാണ് ബാഗ്ലൂരിലേക്ക് എത്തിക്കാൻ സാധിക്കുന്നത്. |

| | | | |
|---|---|---|---|
| | | | പൈങ്ങ മുഴുവനും തന്നെ പെയിന്റ് വിപണിയിലേക്കാണ് പോകുന്നത്. പൊളിച്ച പൈങ്ങ പിറ്റേന്ന് ബാംഗ്ലൂരിൽ എത്തുമ്പോഴേക്കും ഇതിന്റെ കറ നഷ്ടപ്പെടുന്നതുമൂലം കർഷകർക്ക് ലഭിക്കുന്ന വിലയിൽ വലിയ കുറവ് അനുഭവപ്പെടുന്നു. ഇത്തരത്തിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങളും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ